## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ശ്രീ.റെജി.എസ്, എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം), ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, കാസർഗോഡ് ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ (ഇകെഎം) 2765/17 നമ്പർ കേസിന്റെ 01/12/2017 ലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ) നം. 210/2018/തസ്വഭവ, തിരുവനന്തപുരം, തീയതി:22/01/2018

പരാമർശം :- 1) 25/02/2017 ലെ സഉ(പി).നം.3/2017/ഉഭപവ
2) ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ (ഇകെഎം) നം.2765/17 നമ്പർ കേസിന്റെ 01/12/2017 ലെ വിധിന്യായം.
3) ശ്രീ.റെജി .എസ് സമർപ്പിച്ച 01/12/2017 ലെ നിവേദനം.
4) ഗ്രാമവികസന കമ്മീഷണറുടെ 11/01/2018 ലെ 265/എസ്റ്റാ.സി2/17/സിആർഡി നമ്പർ കത്ത്.

### ഉത്തരവ്

കാസർഗോഡ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) ആയ ശ്രീ.റെജി.എസ്, ആലപ്പുഴ ജില്ലയിലേയ്ക്കോ പത്തനംതിട്ട ജില്ലയിലേയ്ക്കോ സ്ഥലംമാറ്റം ആവശ്യപ്പെട്ടുകൊണ്ട് ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒ.എ (ഇകെഎം) 2765/17 നമ്പർ കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസിന്റെ പരാമർശം(2) ലെ അന്തിമ ഉത്തരവിൽ, ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി ആറാഴ്ച്ചക്കകം സർക്കാർ ഹർജിക്കാരനെ നേരിൽ കേട്ട് അനുബന്ധം MAI നിവേദനത്തിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുവാൻ ബഹു.ട്രിബ്യൂണൽ ഉത്തരവിട്ടു. പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു

വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 11/1/2018 ന് പരാതിക്കാരനെ സർക്കാർ നേരിൽ കേട്ടു. താൻ 15/07/1996 ൽ സർവ്വീസിൽ പ്രവേശിച്ചതാണെന്നും 2017 ലെ പൊതു സ്ഥലംമാറ്റത്തിന് അപേക്ഷിച്ചുവെങ്കിലും വേക്കൻസി നിലവിലില്ലെന്നും ഇനി വരുന്ന ഒഴിവിൽ പരിഗണിക്കുമെന്നും പൊതുസ്ഥലംമാറ്റ ലിസ്റ്റിൽ പരാമർശിച്ചിരുന്നുവെങ്കിലും പിന്നീട് വന്ന ഒഴിവുകളിൽ ടിയാനെ പരിഗണിക്കാതെ ജൂനിയേഴ്സിനെ സ്ഥാനക്കയറ്റം നൽകിയും സ്ഥലം മാറ്റം നൽകിയും നിയമിച്ചുവെന്നും ടിയാൻ പരാതിപ്പെട്ടു. ഹർജിക്കാരൻ അമ്പലപ്പുഴ ബ്ലോക്കിൽ ജോലി ചെയ്ത് വരവെ 10/02/2016-ൽ വിദേശത്ത് ജോലി ചെയ്യുന്നതിന് 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും പിന്നീട് 01/09/2016-ൽ ലീവ് റദ്ദ് ചെയ്ത് സർവീസിൽ പുനപ്രവേശിക്കുകയും ടിയാനെ കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ള വേക്കൻസിയിൽ നിയമിക്കുകയും ടിയാൻ 23/09/2016-ന് ബ്ളോക്കിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തതായി ഗ്രാമവികസന കമ്മീഷണർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച പരാമർശം(1)ലെ സർക്കാർ ഉത്തരവിന്റെ ഖണ്ഡിക I (ii) പ്രകാരം ഓരോ വർഷവും ഫെബ്രുവരി 28 ന് മൂന്ന് വർഷം സർവ്വീസ് തികയുന്ന ജീവനക്കാരുടെ അപേക്ഷ മാത്രമേ പൊതുസ്ഥലം മാറ്റത്തിന് പരിഗണിക്കുവാൻ പാടുള്ളൂ. ശ്രീ.റെജി.എസ്-ന് പൊതുസ്ഥലംമാറ്റത്തിന്

23/09/2016 മുതൽ മൂന്ന് വർഷം പൂർത്തീകരിക്കേണ്ടതുണ്ടെന്നും അല്ലാത്ത പക്ഷം മേൽ ഉത്തരവിന്റെ ഖണ്ഡിക 4 (i) മുതൽ (IV) വരെയുള്ള സാക്ഷ്യപത്രങ്ങൾ ആവശ്യമാണെന്നും ശ്രീ.റെജി ഇത്തരത്തിലുള്ള പരിഗണനയ്ക്ക് ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ലെന്നും ടിയാൻ ആവശ്യപ്പെടുന്ന ജില്ലകളിൽ ഒഴിവ് നിലവിലില്ലെന്നും സൂചന (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

മേൽ സാഹചര്യത്തിൽ, കാസർഗോഡ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) ആയ ശ്രീ.റെജി.എസ്, സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസിൽ മൂന്ന് വർഷം തികഞ്ഞിട്ടില്ലാത്തതിനാലും ടിയാൻ ആവശ്യപ്പെടുന്ന ജില്ലകളിൽ നിലവിൽ ഒഴിവില്ലാത്തതിനാലും ടിയാന് 2018 ലെ പൊതുസ്ഥലം മാറ്റത്തിന് വീണ്ടും അപേക്ഷിക്കാവുന്നതാണ് എന്നത് പരിഗണിച്ചും ടിയാൻ സമർപ്പിച്ച MAI നിവേദനം നിരസിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സൂചന 1 ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ.എം**

**അണ്ടർ സെക്രട്ടറി**

1) ശ്രീ.റെജി.എസ്, എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം), ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, കാസർഗോഡ്.
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5) വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & newmedia)
6) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ